(ബി) ഇവയിൽ നിന്നുള്ള വാർഷിക വരുമാനമെത്ര;

(സി) ഈ വരുമാനം പലിശ നിരക്കിലും എത്രകണ്ട് താഴെയാണ്;

(ഡി) മുടക്കുമുതലിന് കൂടുതൽ ആദായം ഉണ്ടാകുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 31-3-1998 വരെ 1459.5 കോടി രൂപ. 31-3-99-ലെ കണക്ക് അക്കൗണ്ടന്റ് ജനറൽ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ലഭ്യമല്ല.

(ബി) 1997-98-ൽ 5.89 കോടി രൂപ.

1997-98-ലെ വരുമാനം മുടക്കുമുതലിന്റെ 0.4% മാണ്. പലിശ നിരക്കുകൾ വ്യത്യസ്തങ്ങളായതിനാൽ കുറവ് എത്രയെന്ന് കണക്കാക്കാനാവില്ല.

(ഡി) സർക്കാർ മൂലധനം മുടക്കുന്നത് കേവലം ലാഭം മാത്രം മുൻനിറുത്തിയല്ല, മറ്റ് ഘടകങ്ങളും കണക്കിലെടുക്കേണ്ടതുണ്ട്. മുടക്കുമുതലിന് ആദായം ഉണ്ടാകണമെങ്കിൽ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കേണ്ടതുണ്ട്. അതിനു വേണ്ട നടപടികൾ സ്വീകരിക്കാൻ മാനേജ്മെന്റുകളോട് നിരന്തരം ആവശ്യപ്പെടാറുണ്ട്.

2 (3328) സംസ്ഥാനത്തെ കേന്ദ്ര നിക്ഷേപം

ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിന്റെ കേരളത്തിലെ നിക്ഷേപം 95-96 മുതൽ 98-99 വരെ എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) അത് മൊത്തം നിക്ഷേപത്തിന്റെ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ;

ഉത്തരം

(എ) കേരളത്തിലെ കേന്ദ്ര നിക്ഷേപം 31-3-95-ൽ 2906 കോടി രൂപയായിരുന്നു. ഇത് 31-3-96-ൽ 3390 കോടി രൂപയായും 31-3-97-ൽ 3992 കോടി രൂപയായും 1998 മാർച്ച് അവസാനത്തോടെ 4716 കോടി രൂപയായും വർദ്ധിച്ചു. (98-99 വർഷത്തെ കണക്ക് ലഭ്യമല്ല).

(ബി) കേരളത്തിന്റെ കേന്ദ്രനിക്ഷേപം 31-3-95-ൽ രാജ്യത്തെ മൊത്തം കേന്ദ്ര നിക്ഷേപത്തിന്റെ 1.28 ശതമാനവും 31-3-96-ൽ 1.32 ശതമാനവും 31-3-97-ൽ 1.40 ശതമാനവും 31-3-98-ൽ 1.50 ശതമാനവുമായിരുന്നു.

3 (3329) ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ്

ശ്രീ. ടി.കെ. നൗഷാദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിംഗ് ജനകീയാസൂത്രണ പരിപാടി നടത്തിപ്പ് സംബന്ധിച്ചുള്ള പരാതികളിന്മേൽ 1999-2000 സാമ്പത്തിക വർഷം നാളിതുവരെ എത്ര പഞ്ചായത്തുകളിൽ അന്വേഷണം നടത്തിയിട്ടുണ്ടെന്നുള്ളത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്വേഷണം നടത്തിയതിനെ തുടർന്ന് എത്ര അന്വേഷണ റിപ്പോർട്ടുകൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്; എത്ര അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിക്കാനുണ്ടെന്നും എത്രയെണ്ണം വിജിലൻസിന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ? ഏതെല്ലാം പഞ്ചായത്തുകളെ സംബന്ധിച്ചുള്ള റിപ്പോർട്ടാണ് സർക്കാരിന് സമർപ്പിക്കാനുള്ളത്;

(സി) ഈ സാമ്പത്തികവർഷത്തിൽ അന്വേഷണ റിപ്പോർട്ടുകളിൽ എത്ര എണ്ണത്തിൽ ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എത്ര എണ്ണത്തിൽ ഇനിയും നടപടി സ്വീകരിക്കാനുണ്ടെന്നും; വ്യക്തമാക്കുമോ;

(ഡി) ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിംഗിന് എത്ര സെക്ഷനും എത്ര ജീവനക്കാരും ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൂന്ന് ഗ്രാമപ്പഞ്ചായത്തുകളും അഞ്ച് ബ്ലോക്ക് പഞ്ചായത്തുകളും ഉൾപ്പെടെ ആകെ എട്ട് പഞ്ചായത്തുകളിൽ അന്വേഷണം നടത്തിയിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയും വിധമാണ് ;

തിരുവനന്തപുരം :		
ഗ്രാമപ്പഞ്ചായത്ത്	:	1
ബ്ലോക്ക് പഞ്ചായത്ത്	:	1
തൃശൂർ :		
ബ്ലോക്ക് പഞ്ചായത്ത്	:	1
കോഴിക്കോട് :		
ബ്ലോക്കു പഞ്ചായത്ത്	:	1
മലപ്പുറം :		
ഗ്രാമപ്പഞ്ചായത്ത്	:	1
ബ്ലോക്ക് പഞ്ചായത്ത്	:	1
കാസർഗോഡ് :		
ബ്ലോക്ക് പഞ്ചായത്ത്	:	1
ഗ്രാമപ്പഞ്ചായത്ത്	:	1

(ബി) രണ്ട് അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. 6 എണ്ണം നടപടികൾ പൂർത്തിയാകാത്തതിനാൽ ഇനിയും ഗവൺമെന്റിന് ലഭിച്ചിട്ടില്ല. വിജിലൻസിന് ഒന്നും തന്നെ റിപ്പോർട്ടു ചെയ്തിട്ടില്ല. കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്, തീയന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ഇടവ ഗ്രാമപ്പഞ്ചായത്ത്, അളാൽ ഗ്രാമപ്പഞ്ചായത്ത്, ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് എന്നിവയെ സംബന്ധിക്കുന്ന അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

(സി) അന്വേഷണ റിപ്പോർട്ടുകൾ ബന്ധപ്പെട്ട ഭരണവകുപ്പിന് നടപടിയെടുക്കുന്നതിനായി അയച്ചിട്ടുണ്ട്. നടപടി പൂർത്തിയാക്കിയശേഷം ആ വിവരം ഈ വകുപ്പിനെ അറിയിക്കും. ഭരണവകുപ്പ് നടപടി പൂർത്തിയാകാത്തിനാൽ ഇതുവരെ വിവരം അറിയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ധനകാര്യ ഇൻസ്പെക്ടർ (നോൺ-ടെക്നിക്കൽ) വിംഗിന് അഞ്ചു സെക്ഷനുകൾ ഉണ്ട്. ജീവനക്കാരുടെ എണ്ണം താഴെ പറയും പ്രകാര മാണ്.

ജോയിന്റ് സെക്രട്ടറി	:	1
അണ്ടർ സെക്രട്ടറി	:	2
സെക്ഷൻ ആഫീസർ	:	5
അസിസ്റ്റന്റ്	:	10
ടൈപ്പിസ്റ്റ്	:	3
ശിപായി	:	3

ആകെ		24.
		===

4 (3330) സംസ്ഥാനത്തിന്റെ കടബാധ്യത കുറയ്ക്കുന്നതിനുള്ള നടപടി

ശ്രീ. എം.കെ. മുനീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ.കെ. ബാവ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും വാങ്ങിയ വായ്പകൾ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ തിരിച്ചട യ്ക്കാനുള്ള വായ്പാഗഡുക്കളും പലിശയും ചേർന്ന് ഓരോ വർഷവും എന്ത് തുക വേണ്ടിവന്നു എന്നറിയിക്കുമോ ;

(ബി) വായ്പ തിരിച്ചടയ്ക്കാൻ വേണ്ട വരുമാനം കാണാത്തതിനാൽ വീണ്ടും വായ്പയെടുത്ത് മുൻകടം തീർക്കുന്ന പ്രവണതകൊണ്ട് സംസ്ഥാന ത്തിന്റെ കടബാദ്ധ്യത ഓരോ വർഷവും കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(സി) വായ്പാത്തുകകൾ ആദായകരമായ കാര്യങ്ങളിൽ മുടക്കി അതിൽ നിന്നും ലഭിക്കുന്ന തുകകൊണ്ട് കടബാധ്യത കുറയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാങ്ങിയ വായ്പകൾ.

1996-97	1162.96 കോടിരൂപ
1997-98	1514.96 കോടിരൂപ

(1998-99-ലെ അവസാന കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പൂർത്തീ കരിച്ചിട്ടില്ല).

LIBRARY ARCHIVES Kerala Legislative Assembly